പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2816      09.05.2017-ലെ മറുപടിക്ക്

**മൂന്നാർ സബ് ഡിപ്പോയിൽ നിന്നും തമിഴ്‌നാട്, ബാംഗ്ലൂർ സർവ്വീസുകൾ**

ചോദ്യം

ശ്രീ.എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂന്നാർ സബ് ഡിപ്പോയിൽ നിന്നും നിലവിൽ തമിഴ്‌നാട്, ബാംഗ്ലൂർ സർവ്വീസുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മൂന്നാർ സബ് ഡിപ്പോയിൽ നിന്നും തമിഴ്‌നാട്ടിലേക്ക് 8 സർവ്വീസുകളും, ബാംഗ്ലൂരിലേക്ക് ഒരു സർവ്വീസുമാണ് അയയ്ക്കുന്നത്. |
| (ബി) | തമിഴ്‌നാട്ടിലേക്കും ബാംഗ്ലൂരിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും (ഡി) യും | അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. കർണ്ണാടകയുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ മൂന്നാർ നിന്നും ബാഗ്ലൂരിലേക്ക് സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല. തമിഴ്‌നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇരു സംസ്ഥാന സർക്കാരുകളുടെയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ കേരളവും, തമിഴ്‌നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രാബല്യത്തിൽ വരുകയുള്ളൂ. അപ്രകാരം പുതിയ അന്തർ സംസ്ഥാന കരാർ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് മാത്രമെ തമിഴ്‌നാട്ടിലേക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ഉണ്ടെങ്കിൽ ഈ സർവ്വീസുകൾ ഉടൻ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഇല്ലെങ്കിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**